# സർഗാലയ കരകൗശല മേളയിലേക്ക് വൻജന പ്രവാഹം

ഇരിങ്ങൽ സർഗാലയയിലെ അന്താരാഷ്ട്ര കലാ കരകൗശല മേള അവസാനിക്കാന് രണ്ടു ദിവസം മാത്രം ബാക്കി നിൽക്കെ മേളയിലേക്ക് വൻജനപ്രവാഹം. കലാകാര•ാരുടെ നിർമ്മാണ വൈദഗ്ധ്യം നേരിട്ടറിയാനുള്ള അവസരമാണ് മേളയിൽ ഒരുക്കുന്നത്. ഇക്കഴിഞ്ഞ ഡിസംബർ 21നാണ് ഏഴാമത് അന്താരാഷ്ട്ര കലാ കരകൗശല മേള ആരംഭിച്ചത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നുമുള്ള മികച്ച ഉത്പന്നങ്ങള് തെരഞ്ഞെടുക്കാനുള്ള സൗകര്യം മേളയുടെ ആകർഷണമാണ്. ഡിസംബർ 21 മുതല് 14 ദിവസത്തിനിടെ 124000 പേർ മേള കാണാനായി എത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം 185000 പേര് മേള സന്ദർശിച്ചിരുന്നു. നേപ്പാളിൽ നിന്നെത്തിയ പേപ്പര് നിർമ്മിതമായ കര-കൗശല വസ്തുക്കൾ, വിവിധ തരം മരത്തടയിൽ തീർത്ത കരകൗശല വസ്തുക്കള്, കുഷ്യനുകള്, ബാഗുകള് എന്നിവ മേളയില് ലഭ്യമാണ്. ശ്രീലങ്കയിൽ നിന്ന് പനയോല കൊണ്ടുള്ള വസ്തുക്കൾ, ഉഗാണ്ടയില് നിന്നുള്ള ബാഗുകള്, ഹെയര് ബാർഡുകള്, മറ്റ് ആകർഷണീയമായ കരകൗശല സാമഗ്രികള് എന്നിവയും മേളയില് ലഭ്യമാണ്. ഇന്ത്യയിലെ 27 സംസ്ഥാനങ്ങളില് നിന്നായി ദേശീയ അന്തര് ദേശീയ പുരസ്ക്കാര ജേതാക്കളായ 400 ഓളം കരകൗശല വിദഗ്ധരും സർഗാലയിലെ 100 ഓളം സ്ഥിരം കരകൗശല വിദഗ്ധരുമുൾപ്പെടെ 500 ലേറെ കലാകാര•ാരുടെ വ്യത്യസ്ത കലാസൃഷ്ടികളാണ് മേളയിലുള്ളത്. കേരള കരകൗശല പൈതൃക ഗ്രാമത്തിന്റേയും കളരി ഗ്രാമത്തിന്റേയും കേരള കൈത്തറി പൈതൃക ഗ്രാമത്തിന്റേയും സ്റ്റാളുകളും ജനശ്രദ്ധയാകർഷിക്കുന്നു. ദേശീയ പുരസ്ക്കാര ജേതാവായ അയ്യപ്പന് പുൽപ്പായ നെയ്യുന്നത് നേരിട്ട് കാണാനും അവസരമുണ്ട്. മേളയുടെ ഭാഗമായി വിവിധ കലാപരിപാടികളും സർഗാലയില് അരങ്ങേറുന്നു. ആറ•ുള കണ്ണാടി നിർമ്മിക്കുന്ന ആറ•ുള ഗ്രാമം, മൃദംഗം, മദ്ദളം എന്നിവ നിർമ്മിക്കുന്ന പെരുവമ്പ്രഗ്രാമം, കഥകളി കലാരൂപങ്ങളുടെ ചമയങ്ങൾ നിർമ്മിക്കുന്ന വെള്ളിനേഴി ഗ്രാമം എന്നിവയുടെ സ്റ്റാളുകള് കാഴ്ച്ചക്കാർക്ക് പുതിയലോകമാണ് തുറക്കുന്നത്. മേളയുടെ ഭാഗമായി കടത്തനാടിന്റെ കളരി പൈതൃകം വിളിച്ചോതുന്ന കളരിഗ്രാമവും ഉണ്ട്. കളരി ചികിത്സ നടത്തുന്ന സംവിധാനങ്ങളും എണ്ണകളും പച്ചമരുന്നുകളും മേളയിലുണ്ട്. കേരളത്തിന്റെ കൈത്തറി പൈതൃകങ്ങളായ ബാലരാമപുരം സാരി, കൂത്താമ്പുള്ളി സാരി, ചേന്ദമംഗലം ദോത്തി, പാലക്കാട് സെറ്റ്മുണ്ട്, കണ്ണൂർ ഫർണീഷിംഗ്സ്, കാസർകോഡ് സാരികള് എന്നിവയ്ക്കായി പ്രത്യേക പവലിയനുകള് ഒരുക്കിയിട്ടുണ്ട്.

90 രൂപ മുതല് ഒരു കോടി രൂപ വരെയുള്ള മരത്തില് തീർത്ത ആനയുടെ ശിൽപങ്ങളും മേളയുടെ ആകർഷണമാണ്. മഞ്ചാടിക്കുരു, കുന്നിക്കുരു, സോപ്പ് കായ, നെല്ല് തുടങ്ങിയവ കൊണ്ട് നിർമ്മിച്ച ആഭരണങ്ങളും വ്യത്യസ്തതയാർന്നതാണ്. എല്ലാ പ്രായക്കാരിലും അത്ഭുതമുണർത്തുന്ന വസ്തുക്കളാണ് മേളയിലുള്ളത്. ചകിരിനാര് കൊണ്ട് നിർമ്മിച്ച കമ്മലുകളും മാലയും അത്യപൂർവ്വമാണ്. ടെറാക്കോട്ടയിൽ നിർമ്മിച്ച സിംഹം, ഞണ്ട്, ചെമ്മീൻ എന്നിവയും നയനാന്ദകരമാണ്. മുള, കൈതോല, ചിരട്ട എന്നിവയിൽ നിർമ്മിച്ച വിവിധ വസ്തുക്കളും ലൈറ്റുകളും ഏറെ ഭംഗിയുള്ളതാണ്. മിതമായ വിലയ്ക്ക് കരകൗശല വസ്തുക്കൾ ലഭ്യമാകുന്നത് മേളയെ ജനപ്രിയമാക്കുന്നു. മേള ജനുവരി 8ന് സമാപിക്കും.